# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3311      22.08.2017 — ൽ മറുപടിക്ക്

## ശമ്പളത്തിന് റേഷൻ കാർഡിന്റെ പകർപ്പ്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ടി.എ.അഹമ്മദ് കബീർ :** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) റേഷൻ കാർഡിന്റെ പകർപ്പ് ലഭ്യമാക്കാത്ത ജീവനക്കാർക്ക് ശമ്പളവും പെൻഷൻകാർക്ക് പെൻഷനും നൽകില്ലെന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ പട്ടിക തയ്യാറാക്കുകയും പ്രസ്തുത മുൻഗണനാ പട്ടികയിൽ കടന്നു കൂടിയ അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 05.08.2017-ൽ ഭ.പൊ.വി.വ.-ബി3/258/2017-ഭ.പൊ.വി.വ (അനുബന്ധം) ആയി പരിപത്രം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ എല്ലാ സർക്കാർ/ അർദ്ധ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, യൂണിവേഴ്സിറ്റി ജീവനക്കാർ,സംസ്ഥാന-ജില്ലാ-പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർ, ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്ക് ജീവനക്കാർ, സർക്കാർ നിയന്ത്രണത്തിലുള്ള കോർപ്പറേഷനുകൾ, ലിമിറ്റഡ് കമ്പനികൾ എന്നിവയിലെ ജീവനക്കാർ അവരവരുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡുകൾ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ മുമ്പാകെ 2017 ആഗസ്റ്റ് 20-നു മുമ്പ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് ഇതു സംബന്ധിച്ച് സത്യവാങ്മൂലം നൽകിയാൽ മതിയാകും.<br><br>മുൻഗണനാ പട്ടിക സംബന്ധിച്ചുണ്ടായ പരാതികളുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഒരു നടപടി സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചത്. |
| (ബി) ഇത്തരത്തിൽ നിർദ്ദേശം അടങ്ങിയ എന്തെങ്കിലും ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | | |
| (സി) ഇത്തരത്തിൽ ഉത്തരവിറക്കാൻ പ്രേരിപ്പിച്ച സന്ദർഭം വിശദീകരിക്കാമോ; ആയത് സംബന്ധിച്ച ഔദ്യോഗിക റിപ്പോർട്ടുകൾ നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | | |

*സെക്ഷൻ ഓഫീസർ*

അനുബന്ധം

# കേരള സർക്കാർ

## ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

## സർക്കുലർ

നമ്പർ ബി3-258/2017/ഭപൊവിവ. *തിരുവനന്തപുരം, 2017 ആഗസ്റ്റ് 5.*

വിഷയം:—ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്—ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013—അനുശാസിക്കുന്ന മുൻഗണനാപട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കുന്നത്—സംബന്ധിച്ച്.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന പ്രകാരം കേരള സംസ്ഥാനത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പുതിയ റേഷൻകാർഡ് വിതരണം നടത്തിവരികയാണ്. മുൻഗണനാപട്ടികയിൽ നിരവധി അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ഉടനടി പ്രാബല്യത്തിൽ വരുത്തേണ്ടതാണ്:

1. സംസ്ഥാനത്തെ എല്ലാ സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, യൂണിവേഴ്സിറ്റി ജീവനക്കാർ, സംസ്ഥാന-ജില്ലാ-പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർ, ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്ക് ജീവനക്കാർ, സർക്കാർ നിയന്ത്രണത്തിലുള്ള കോർപ്പറേഷനുകൾ, ലിമിറ്റഡ് കമ്പനികൾ എന്നിവയിലെ ജീവനക്കാർ അവരവരുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡുകൾ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ മുമ്പാകെ 2017 ആഗസ്റ്റ് 20-നുമുമ്പ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. മതിയായ കാരണമില്ലാതെ റേഷൻ കാർഡ് ഹാജരാക്കാത്ത ജീവനക്കാർക്കെതിരെ വകുപ്പ് അദ്ധ്യക്ഷന്മാർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

GCPT. 3/2800/2017/S-5.

2. ജോലിക്കാര്യം മറച്ചുവച്ചോ, അബദ്ധവശാലോ മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ ജീവനക്കാരുടെ വിവരം റേഷൻ കാർഡ് നമ്പർ സഹിതം ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് 2017 ആഗസ്റ്റ് 30-നുമുമ്പായി റിപ്പോർട്ടായി നൽകേണ്ടതാണ്.

3. റേഷൻ കാർഡ് സംബന്ധിച്ചും/റേഷൻ കാർഡ് ഇല്ലെങ്കിൽ അക്കാര്യം സംബന്ധിച്ചും ഉള്ള ജീവനക്കാരുടെ സത്യവാങ്മൂലം വാങ്ങി പരിശോധനയ്ക്കായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് ഡിസ്ബേഴ്സിംഗ് ഓഫീസർ നൽകേണ്ടതാണ്.

4. സംസ്ഥാനത്ത് പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ റേഷൻകാർഡുകൾ ബന്ധപ്പെട്ട ട്രഷറി/ബാങ്ക് ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതും, മുൻഗണനാ പട്ടികയിൽ കടന്നുകൂടിയവരുടെ വിവരം റേഷൻ കാർഡ് നമ്പർ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. സംസ്ഥാനത്ത് ഏതെങ്കിലും റേഷൻ കാർഡിൽ പേർ ഉൾപ്പെട്ടിട്ടില്ലാത്തവരിൽനിന്നും സത്യവാങ്മൂലം ഉൾപ്പെടെ അന്വേഷണത്തിനായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നൽകേണ്ടതാണ്.

5. സംസ്ഥാന, ജില്ലാ, പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെയും പെൻഷണർമാരുടെയും റേഷൻകാർഡുകൾ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ പരിശോധിക്കേണ്ടതും മുകളിൽ പരാമർശിച്ച പ്രകാരമുള്ള തുടർ നടപടി സ്വീകരിക്കേണ്ടതുമാണ് എന്ന് സഹകരണ രജിസ്ട്രാർ തന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളേയും അറിയിക്കേണ്ടതാണ്.

6. കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടെയും രജിസ്ട്രാർമാർ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

7. എല്ലാ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്ക് അധികാരികളും, ബാങ്കിൽനിന്ന് ശമ്പളം/പെൻഷൻ വാങ്ങുന്നവരെ ഇത് സംബന്ധിച്ച് ബോധവൽക്കരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

നളിനി നെറ്റോ,
*ചീഫ് സെക്രട്ടറി.*

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

എല്ലാ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പുകൾക്കും (വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകുന്നതിനായി).

എല്ലാ വകുപ്പുതലവന്മാർക്കും.

സെക്രട്ടറി, കെ.പി.എസ്.സി., തിരുവനന്തപുരം.

രജിസ്ട്രാർ, കേരള/കൊച്ചിൻ/കാലിക്കറ്റ്/എം. ജി./കണ്ണൂർ/സംസ്കൃത/ കാർഷിക/കുസാറ്റ്/മലയാള/സാങ്കേതിക/ന്യൂവാൽസ്/ആരോഗ്യ/ ഫിഷറീസ്/വെറ്ററിനറി സർവ്വകലാശാലകൾ.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടേയും ചെയർമാൻ/എം.ഡി.

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം.

എം.ഡി., കെ.എസ്.ആർ.ടി.സി.

എം.ഡി., കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ.

രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്, തിരുവനന്തപുരം.

തിരുവിതാംകൂർ/കൊച്ചി/മലബാർ/ഗുരുവായൂർ/കൂടൽമാണിക്യം ദേവസ്വം ബോർഡുകൾ.

രജിസ്ട്രാർ, ഹൈക്കോർട്ട്, എറണാകുളം.

റീജിയണൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ/യൂണിയൻ ബാങ്ക്/ വിജയ ബാങ്ക്/ഇന്ത്യൻ ഓവർസീസ് ബാങ്ക്.

അസിസ്റ്റന്റ് ഡിവിഷണൽ മാനേജർ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ.

സീനിയർ മാനേജർ, കാനറ ബാങ്ക്.

ഡിവിഷണൽ മാനേജർ, സിൻഡിക്കേറ്റ് ബാങ്ക്.

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).

നോഡൽ ഓഫീസർ, *www.finance.kerala.gov.in*

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.